(Pages : 4) **L – 6178**

**Reg. No. : ..............................**

**Name : ..................................**

## First Semester M.A. Degree Examination, August 2021

## Malayalam Language and Literature

## ML 211 : പ്രാചീനസാഹിത്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) എനിക്കിന്നും വരമിതൊന്റുവേണ്ട, മിമ്മരങ്ങൾ വല്ലികള്ളുമൊക്കെക്കും

വനത്തുൾ വാനരകുലത്തിനൊക്ക മതുരം പിറത്തു മതിയെന്നിയേ

കനത്ത ചെങ്കനികൾ കായ്‌വു കാവളകാലമാകിലു;ന്നിരന്തരം

പുനൽതിളൈത്തമകരന്തമായ് വരിക പൂതലത്തൊഴുകുമാറെല്ലാം

- സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) രാമകഥപ്പാട്ടിന്റെ കാലത്തെ സംബന്ധിച്ച പ്രധാന അഭിപ്രായങ്ങൾ വിവരിക്കുക.

2. (a) നാടകചാലതോറും നാടികളോടെതിർത്തു

കൂടകം കുയിൽ കിടാക്കെൾകൊഴുകൊഴക്കുഴെറ്റു മേടം

- സന്ദർഭം, ആശയം, ഭാഷാസവിശേഷതകൾ എന്നിവ വിവരിക്കുക.

അല്ലെങ്കിൽ

P.T.O.

(b) വേങ്ങീകേടൊണ്ടായേ കൗരവർ, വെന്റേപോയിതു പാണ്ഡുസുതന്മാർ,
തൂങ്ങീ ദുര്യോധനനുമനസ്സുതുളക്കമൊഴിപ്പാനംഗേശ്വരനും
താങ്ങീഗംഭീരോക്തികളാലേ സൈന്യത്തോടേ പോയിതുപൊരുവാൻ
നീങ്ങീ യുദ്ധത്തിനുപാണ്ഡവർകൾ നിരാലംബൻ ശ്രീകൃഷ്ണനുമായേ
- സന്ദർഭവും ആശയവും വ്യക്തമാക്കുക.

3. (a) അന്തിനിറം കലർന്നു ചുവന്ന വൈയ്യവൻ മണ്ഡലം പോ-
ലങ്കവനാനനം പൊലിവുറ്റി താടരവങ്ങൾ നീടാർ-
മന്തരമാമലെയ്ക്കകം നിന്റു വന്തിരുപാടു നീളും-
വണ്ണം നിവിർത്തനൻ കപിവീരൻ നീൾകരതാരിരണ്ടും
- ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) സമുദ്രം ചാടിക്കടക്കുവാൻ ഹനുമാൻ ശാരീരികമായി നടത്തുന്ന തയ്യാറെടുപ്പു കളെന്തെല്ലാം? വിവരിക്കുക.

4. (a) വിലയറിവാനരുതാകിയ രത്നം
വെറുമൊരു പൊന്നിൻ ചെപ്പതിലല്ലാൽ
അലവലയാകിയ തുകിലിൽപ്പൊതികിലു-
മതിനുടെ മഹിമവിരോധം വരുമോ?
- സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) അത്യുക്തിയാകിലുമളീകമിതെന്റുകണ്ടോർ
ചൊല്ലീടിലും കിമപി ചൊല്ലുവാനുള്ള വണ്ണം
അമ്മാടമും ചിറയുമപ്പരിശന്റുമിന്റും
മേലും ചമയ്ക്കരുതു മേലമർവോർക്കുപോലും
- സന്ദർഭവും ആശയവും വ്യക്തമാക്കുക.

5. (a) മുല്പാടുകേളിദമുരിത്തവിടും പെറാതാൻ
വല്ലായ്മിലിന്ദുമുഖിവൈശികതന്ത്രമാർഗ്ഗം
നൂന്മേൽ നടക്കുമതിൽ നൂറുമടങ്ങിലേറ്റം
വേശ്യാധുരം വിഷമമെന്നു വിദഗ്ദ്ധവാചഃ
- സന്ദർഭവും ആശയവും ഭാഷാസവിശേഷതകളും വിവരിക്കുക.

അല്ലെങ്കിൽ

(b) പദ്യരത്നം കൃതികൾക്ക് സാഹിത്യചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?

6. (a) ചോകിരം ഗ്രാമവർണ്ണനയിലൂടെ വ്യക്തമാകുന്നതെന്തെല്ലാം?

അല്ലെങ്കിൽ

(b) വടക്കൻപാട്ടുകളുടെ ജനപ്രീതിയ്ക്കു കാരണമെന്ത്? പാലാട്ടുകോമന്റെ പാട്ടുകഥയെ അടിസ്ഥാനമാക്കി വിശദമാക്കുക.

7. (a) "ആറ്റിൻ നേരായ്ക്കരിവരമദം നീടൊഴുക്കും വടക്കിൻ
കൂറ്റിന്നിന്റങ്ങഴകുപൊഴിയിക്കിന്റ പുണ്യാംബുരാശേഃ
മാറ്റാർ കൂപ്പും മഹിതമണികണ്ഠന്നയോദ്ധ്യവരാമ-
ന്നേറ്റംവശ്യാ ജയതി നഗരീ സാ കടന്തേരിനാമ്നാ"
- സന്ദർഭവും ആശയവും വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) അംബരീഷോപാഖ്യാനത്തിന്റെ സവിശേഷതകൾ വിവരിക്കുക.

**(7 × 3 = 21 Marks)**

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) രാമചരിതഭാഷയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

അല്ലെങ്കിൽ

(b) പാട്ടിന്റെ ലക്ഷണങ്ങൾ തികഞ്ഞ കൃതിയാണ് രാമകഥപ്പാട്ട് എന്ന പ്രസ്താവന വിലയിരുത്തുക.

9. (a) വിലക്കുകളെ വെല്ലുവിളിച്ച കവി എന്ന് കണ്ണശ്ശനെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

അല്ലെങ്കിൽ

(b) നിരണംകൃതികളിലെ ഭാഷാസ്വഭാവത്തെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

10. (a) അഞ്ചാടിവർണ്ണനയിലൂടെ പ്രാചീനകേരളത്തിന്റെ സാമ്പത്തികസ്ഥിതിയും സാമാന്യ ജനങ്ങളുടെ ജീവിതരീതികളും അവതരിപ്പിക്കാൻ മണിപ്രവാളകവികൾക്കു കഴിഞ്ഞു എന്ന അഭിപ്രായം വിലയിരുത്തുക.

അല്ലെങ്കിൽ

(b) മലയാളസന്ദേശകാവ്യങ്ങളുടെ മകുടമണി എന്ന് ഉണ്ണുനീലിസന്ദേശത്തെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

11. (a) പഴയ മണിപ്രവാളത്തെപ്പറ്റിയുള്ള പല ധാരണകളും തിരുത്തുന്ന കൃതിയാണ് അനന്തപുരവർണ്ണനം എന്നു പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) അനുഭൂതിസുന്ദരവും ഭാവനാപൂർണ്ണവുമാണ് ചെറിയച്ചി - വിശദമാക്കുക.

12. (a) ബ്രഹ്മാണ്ഡപുരാണം ഗദ്യത്തിന്റെ ഭാഷാസാഹിത്യസവിശേഷതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) അംബരീഷോപാഖ്യാനത്തെപ്പറ്റി വിവരിക്കുക.

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളകവിതാസാഹിത്യചരിത്രത്തിന്റെ അടിത്തറയായി പാട്ടുപ്രസ്ഥാന കൃതികളെ കണക്കാക്കുന്നതെന്തുകൊണ്ട്? ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) കണ്ണശ്ശക്കവികൾക്ക് കവിതാസാഹിത്യചരിത്രത്തിലുള്ള പ്രാധാന്യം ചർച്ച ചെയ്യുക.

14. (a) പ്രാചീനമണിപ്രവാളകൃതികൾ എല്ലാത്തരം വർണ്ണനകളുടേയും നേർച്ചിത്രമാണെന്ന അഭിപ്രായം പാഠഭാഗങ്ങളെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) സന്ദേശകാവ്യങ്ങൾ ഭൂമിശാസ്ത്രപരമായ സൂക്ഷ്മതകളെ ഉൾക്കൊള്ളുന്നു എന്ന പ്രസ്താവന വിലയിരുത്തുക.

15. (a) കവിതാസാഹിത്യചരിത്രത്തിൽ വടക്കൻപാട്ടുകൾക്കുള്ള പ്രാധാന്യം പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ബ്രഹ്മാണ്ഡപുരാണം, അംബരീഷോപാഖ്യാനം എന്നീ കൃതികളെ മുൻനിർത്തി പ്രാചീനഗദ്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.

**(3 × 8 = 24 Marks)**

———————